# Notice

കേരള ലിഫ്റ്റ് & എസ്കലേറ്റേഴ്സ് ആക്ട് 2013, കേരള ലിഫ്റ്റ് & എസ്കലേറ്റേഴ്സ് റൂൾസ് 2012, എന്നിവ പ്രകാരം ബഹുനില കെട്ടിടങ്ങളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നതും കേരള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നും പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ളതുമായ ലിഫ്റ്റുകളുടേയും, എസ്കലേറ്ററുകളുടേയും ലൈസൻസ് കാലഹരണപ്പെട്ടത്, പുതുക്കി നൽകുന്നതിനായി സംസ്ഥാനമൊട്ടാകെ എല്ലാ ജില്ലകളിലും 2022 നവംബർ 10 മുതൽ 2023 ഫെബ്രുവരി 09 വരെ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ലിഫ്റ്റ്/എസ്കലേറ്റർ ഒന്നിന് 3310/- രൂപ അടച്ച് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ അതാത് ജില്ലാ ഓഫീസുകളിൽ അദാലത്ത് കാലയളവിൽ നൽകേണ്ടതാണ്. അദാലത്തുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് അതാത് ജില്ല ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായി ബന്ധപ്പെടേണ്ടതാകുന്നു. സർക്കാർ നൽകിയിട്ടുള്ള ഈ അവസരം ഇതുമായി ബന്ധപ്പെട്ട എല്ലാ ഉപഭോക്താക്കളും പരമാവധി പ്രയോജനപ്പെടുത്തി ലിഫ്റ്റ്/എസ്കലേറ്റർ പ്രതിഷ്ഠാപനങ്ങൾ സുരക്ഷിതമായി പ്രവർത്തിപ്പിക്കാനുള്ള ലൈസൻസ് പുതുക്കി വാങ്ങേണ്ടതാകുന്നു.

Sd/-

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കു വേണ്ടി